## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1911 — 04.10.2011 ൽ മറുപടിക്ക്

**പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുറത്ത് തുടങ്ങുന്ന കമ്പനികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുറത്ത് തുടങ്ങുന്ന കമ്പനികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ പുതിയ ഐ.ടി. നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പുതിയ ഐ.ടി. നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.ടി. നയത്തെ സംബന്ധിച്ച് ഗുണഭോക്താക്കളുമായി ചർച്ച നടത്തി വരികയും നിർദ്ദേശങ്ങളും ആശയങ്ങളും സംഗ്രഹിക്കുകയും ക്രോഡീകരിക്കുകയും ചെയ്തു വരികയാണ്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ തുടങ്ങുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികൾക്ക് സ്ഥിരമൂലധനത്തിന്റെ 30 ശതമാനവും (15 ലക്ഷം രൂപ വരെ പരിമിതപ്പെടുത്തിയിരിക്കുന്നു) മറ്റു ജില്ലകളിൽ തുടങ്ങുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികൾക്ക് സ്ഥിര മൂലധനത്തിന്റെ 40 ശതമാനവും (25 ലക്ഷം രൂപ വരെ പരിമിത പ്പെടുത്തിയിരിക്കുന്നു) കരട് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേകമായ നിരക്കിൽ വൈദ്യുതി നൽകാനും ശുപാർശയുണ്ട്. |
| (ബി) | ഇ-ഗവേണൻസ് സംവിധാനം കാര്യക്ഷമ മാക്കാൻ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഭരണ നിർവ്വഹണം സുതാര്യവും കാര്യക്ഷമവും ആക്കുവാൻ വേണ്ടി കരട് നയത്തിൽ ഇ-ഗവേണൻസിനു ഊന്നൽ നൽകുന്നുണ്ട്. സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാൻ കഴിയുന്ന മേഖലകളിലെല്ലാം ഇ-ഗവേണൻസ് പ്രയോജനപ്പെടുത്തുകയും അതിലേക്കായി പല വകുപ്പുകളിലും ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്. അക്ഷയാ ജനസേവന കേന്ദ്രങ്ങൾ വഴി സർക്കാരിലെ വിവിധ വകുപ്പുകൾ നൽകി വരുന്ന ഓൺ ലൈൻ സേവനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും അമ്പതിലുപരം സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുന്ന തുമാണ്. |

സെക്ഷൻ ഓഫീസർ